ഭരണ ഭാഷ മാതൃ ഭാഷ

നം. എൽ.ആർ. ഇ4-55470/2017.

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
റവന്യൂ കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
മ്യൂസിയം ജംങ്ഷൻ, തിരുവനന്തപുരം -33,
തീയതി 23/11/2017

## സർക്കുലർ

വിഷയം:- ജീവനക്കാര്യം - ഇതര വകുപ്പുകളിൽ മെച്ചപ്പെട്ട ജോലി ലഭിച്ച ജീവനക്കാരെ റവന്യൂ വകുപ്പിൽ നിന്നും വിടുതൽ ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം - സംബന്ധിച്ച്.

പരാമർശം:-

റവന്യൂ വകുപ്പിൽ വിവിധ തസ്തികകളിൽ സേവനമനുഷ്ടിച്ചു വരുന്ന ജീവനക്കാർക്ക് മറ്റു വകുപ്പുകളിൽ മെച്ചപ്പെട്ട ജോലി ലഭിക്കുന്ന അവസരത്തിൽ അവരുടെ അപേക്ഷ പ്രകാരം ഈ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് വിവരം ഈ കാര്യാലയത്തെ അറിയിക്കുന്ന നടപടിയാണ് തുടർന്ന് പോരുന്നത്. എന്നാൽ ചില ജില്ലാ കളക്ടർമാർ ജീവനക്കാരെ വിടുതൽ ചെയ്തശേഷം യഥാസമയം ഈ കാര്യാലയത്തെ അറിയിക്കുന്നില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം നടപടികളുടെ ഫലമായി വകുപ്പിൽ നിന്നും വിട്ടുപോകുന്ന ജീവനക്കാരുടെ വിവരങ്ങൾ യഥാസമയം ഡേറ്റാ എൻട്രി വരുത്താത്തതിനാൽ ധാരാളം ബുദ്ധിമുട്ടുകൾ സീനിയോറിറ്റി ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിലും സ്ഥാനക്കയറ്റങ്ങൾ അനുവദിക്കുന്നതിലും ഉണ്ടാകുന്നു.

മേൽ സാഹചര്യത്തിൽ റവന്യൂ വകുപ്പിൽ ജോലി നോക്കി വരുന്ന ജീവനക്കാർക്ക് മെച്ചപ്പെട്ട ജോലി ലഭിച്ച് റവന്യൂ വകുപ്പിൽ നിന്നും വിടുതൽ ചെയ്യേണ്ടിവരുന്ന അവസരങ്ങളിൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും അനുമതി വാങ്ങിയ ശേഷം ജീവനക്കാരെ വിടുതൽചെയ്യുന്നതിനുള്ള നടപടി മേലിൽ ജില്ലാ കളക്ടർമാർ / ഓഫീസ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)
കമ്മീഷണർ

അംഗീകാരത്തോടെ,

സൂപ്രണ്ട്

എല്ലാ ജില്ലാ കളക്ടർമാർക്കും.
ഓഫീസ് മേധാവികൾക്കും.